## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3484** **11.12.2018- ൽ മറുപടിയ്ക്ക്**

### റബ്ബറിന്റെ വിലയിടിവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ഇ.കെ.വിജയൻ<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ. മുഹമ്മദ് മുഹസിൻ പി. | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) റബ്ബറിന്റെ വിലയിടിയുന്നതു മൂലം സംസ്ഥാനത്തെ റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) റബ്ബറിന്റെ വിലയിടിവ് മൂലം സംസ്ഥാനത്തെ കർഷകർക്ക് ഉൽപ്പാദന ചെലവ് പോലും പലപ്പോഴും ലഭിക്കുന്നില്ല. വ്യവസായികൾ ഷീറ്റ് റബ്ബറിനെ അപേക്ഷിച്ച് ഇറക്കുമതി ചെയ്യപ്പെടുന്ന ബ്ലോക്ക് റബ്ബറിൽ കൂടുതൽ താൽപ്പര്യം കാണിക്കുന്നതും കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. ഉയർന്ന ഉൽപ്പാദന ചെലവാണ് സംസ്ഥാനത്തെ കർഷകർ അഭിമുഖീകരിക്കുന്ന മറ്റൊരു പ്രശ്നം. സാങ്കേതിക വൈദഗ്ധ്യം ഉള്ള തൊഴിലാളികളുടെ ലഭ്യത കുറവും കർഷകർ നേരിടുന്ന പ്രധാന പ്രശ്നമാണ്. |
| (ബി) വില തകർച്ച നേരിടുന്ന ഈ ഘട്ടത്തിൽ കമ്പോളത്തിൽ ഇടപെടുന്നതിന് റബ്ബർ ബോർഡ് വിമുഖത പ്രകടിപ്പിക്കുന്നുണ്ടോ; ആയതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (ബി) വില തകർച്ച ഒഴിവാക്കാൻ കേന്ദ്രസർക്കാരോ റബ്ബർ ബോർഡോ പ്രത്യേകമായി പദ്ധതികൾ രൂപീകരിച്ചിട്ടില്ല. സംസ്ഥാന സർക്കാർ റബ്ബർ ബോർഡുമായി സഹകരിച്ചാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി നടപ്പിലാക്കി വരുന്നത്. റബ്ബർ ബോർഡിന് പ്രത്യേക ഫണ്ട് ഇല്ലാത്തതിനാൽ സംസ്ഥാന സർക്കാരാണ് പദ്ധതിയുടെ മുഴുവൻ ചെലവും വഹിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | സ്വാഭാവിക റബ്ബറിന്റെ അനിയന്ത്രിതമായ ഇറക്കുമതി നിയന്ത്രിക്കുന്നതിന് സേഫ് ഗാർഡ് ഡ്യൂട്ടി ഏർപ്പെടുത്തണമെന്ന കർഷകരുടെ ആവശ്യം കേന്ദ്ര സർക്കാരിനു മുന്നിൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുള്ള പ്രതികരണം അറിയിക്കുമോ; | (സി) | ഇറക്കുമതി നിയന്ത്രിക്കുന്നതിന് സേഫ് ഗാർഡ് ഡ്യൂട്ടി ഉൾപ്പെടെയുള്ള നടപടികൾ എടുക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന് അനുകൂലമായ മറുപടി ലഭ്യമാക്കിയിട്ടില്ല. |
| (ഡി) | റബ്ബറിനെ കാർഷിക വിളയായി പരിഗണിക്കണമെന്ന നിർദ്ദേശത്തിൻമേലുള്ള കേന്ദ്ര സർക്കാരിന്റെ പ്രതികരണം വ്യക്തമാക്കുമോ? | (ഡി) | ടാസ്ക് ഫോഴ്സ് ഓൺ റബ്ബർ സെക്ടറിന്റെ അന്തിമ റിപ്പോർട്ടിൽ റബ്ബറിനെ കാർഷിക വിളയായി പരിഗണിക്കണമെന്ന സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്. |

**സെക്ഷൻ ഓഫീസർ**